LIBRARY ARCHIVES Kerala Legislative Assembly

മാവൂർ ഗ്രാമപഞ്ചായത്തിനെ റൂറൽ ഏരിയ ആയി പരിഗണിക്കാൻ നടപടി

6 [3375] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ ഗ്രാസിം ഇൻഡസ്ട്രീസ് പൂട്ടിയതിനുശേഷം (അർബൻ) സെൻസസ് ടൗണായി പരിഗണിക്കാനുള്ള സാഹചര്യം ഇല്ലാ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവൂർ ഗ്രാമപഞ്ചായത്തിനെ റൂറൽ ഏരിയ ആയി പരിഗണിക്കുന്നതു സംബന്ധിച്ച് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

മലപ്പുറം ട്രാഫിക് അഡ്വൈസറി യോഗം കൃത്യമായി നടത്താൻ നടപടി

7 [3376] ശ്രീ. ഇസ്ഹാക് കുരിക്കൾ:

,, സി. മമ്മൂട്ടി:

,, കെ. എൻ. എ. ഖാദർ:

,, പി. കെ. അബ്ദുറബ്ബ്:

,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ല ട്രാഫിക് അഡ്വൈസറി കമ്മിറ്റി ഈ വർഷം എത്ര പ്രാവശ്യം യോഗം ചേരുകയുണ്ടായി;

(ബി) ഇതിന്റെ യോഗം അവസാനമായി ചേർന്നതെന്നാണ്;

(സി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(ഡി) കമ്മിറ്റിയുടെ യോഗം ചേരുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ സമയപരിധി എത്രയാണ്;

(ഇ) കമ്മിറ്റി കൂടുന്നതിനുള്ള സമയപരിധി ലംഘിച്ചെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) യോഗം വിളിച്ചുകൂട്ടാൻ ചുമതലപ്പെട്ട ആൾ അതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ;

(ജി) യോഗങ്ങൾ മുടക്കം കൂടാതെ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ റോഡ് സെയ്ഫ്റ്റി കമ്മിറ്റി 18-11-2000-ൽ നിലവിൽ വന്നതിനുശേഷം ട്രാഫിക് അഡ്വൈസറി കമ്മിറ്റി യോഗം ചേർന്നിട്ടില്ല.

(ബി) റോഡ് സുരക്ഷാ സമിതിയുടെ യോഗം അവസാനമായി ചേർന്നത് 16-10-2003-നാണ്.

(സി) റോഡ് സെയ്ഫ്റ്റി കമ്മിറ്റിയിൽ ആർ. ഡി. ഒ., ഡിവൈ. എസ്. പി./ സി.ഐ., മുനിസിപ്പൽ ചെയർമാൻ, കൗൺസിലർമാർ, ജോയിന്റ് ആർ. റ്റി. ഒ., എം. വി. ഐ.-മാർ കെ. എസ്. ആർ. റ്റി. സി. ഇൻസ്പെക്ടർ, തഹസിൽദാർ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്), അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ. എച്ച്), ട്രാഫിക് എസ്. ഐ., വില്ലേജ് ഓഫീസർ, കെ. റ്റി. ഡി. സി. പ്രസിഡന്റ്, മോട്ടോർ തൊഴിലാളി യൂണിയൻ പ്രതിനിധികൾ, ബസ്സുടമ സംഘം പ്രതിനിധികൾ, മർച്ചന്റ് അസോസിയേഷൻ സെക്രട്ടറി/പ്രസിഡന്റ് എന്നിവർ അംഗങ്ങളാണ്.

(ഡി) സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ഇ) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇല്ല.

(ജി) ജില്ലാതല ട്രാഫിക് അഡ്വൈസറി യോഗം 19-8-2004-ൽ കൂടാൻ തീരുമാനിച്ചിട്ടുണ്ട്. ടി യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർന്നുള്ള യോഗങ്ങൾ മുടക്കം കൂടാതെ നടത്തുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly